ഉത്തരം

(എ) 12 വർഷം.
(ബി) രണ്ടു പി. സി. മാർ
(സി) ഉണ്ട്.
(ഡി) ഉടനെ ആരംഭിക്കുവാൻ കഴിയുകയില്ല.

മണ്ണാർക്കാടും അഗളിയിലും അഗ്നിശമന യൂണിറ്റുകൾ സ്ഥാപിക്കുവാൻ നടപടി

1214. [1651] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

പാലക്കാടു ജില്ലയിലെ മണ്ണാർക്കാടും അഗളിയിലും ഓരോ അഗ്നിശമന യൂണിറ്റുകൾ സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

സാമ്പത്തിക പരിമിതി കാരണം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

ഫയർ സർവ്വീസ് ജീവനക്കാർക്ക് തീ ഏൽക്കാത്ത വസ്ത്രം നൽകാൻ നടപടി

1215. [1652] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീ പിടിത്തമുണ്ടാകുമ്പോൾ തീ കെടുത്തുന്ന ജോലിയിലേർപ്പെടുന്ന ഫയർ സർവ്വീസ് ജീവനക്കാരന് സ്വന്തം ശരീരത്തിൽ തീ ഏൽക്കാതിരിക്കാനുള്ള വസ്ത്രങ്ങൾ നൽകാറുണ്ടോ ;

(ബി) ഇല്ലെങ്കിൽ ജീവനക്കാരന്റെ സുരക്ഷയ്ക്ക് വേണ്ട വസ്ത്രം നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ), (ബി) ഫയർ എൻട്രി സ്യൂട്ടും ഫയർ പ്രോക്സിമിറ്റി സ്യൂട്ടും വാങ്ങാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.

നീന്താനും മുങ്ങാനും പരിശീലനം ലഭിക്കാത്ത ഫയർ സർവ്വീസ് ജീവനക്കാർ

1216. [1653] ശ്രീ. കെ. ടി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നീന്താനും മുങ്ങാനും പരിശീലനം ലഭിക്കാത്ത ഫയർ സർവ്വീസ് ജീവനക്കാർ സർവ്വീസിൽ ഉണ്ടോ ; ഉണ്ടെങ്കിൽ എത്ര ;

(ബി) നീന്താനും മുങ്ങാനും അറിയാത്ത ജീവനക്കാരെ വെള്ളത്തിലുള്ള ജോലിക്ക് നിയോഗിക്കാതിരിക്കുമോ ;

(സി) നീന്താനും മുങ്ങാനുമുള്ള പരിശീലനം ഫയർ സർവ്വീസ് ജീവനക്കാർക്ക് നൽകാൻ നടപടി സ്വീകരിക്കുമോ ?



LIBRARY ARCHIVES Kerala Legislative Assembly